REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 19-09-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പുതുക്കിയ GST നിരക്കുകൾ തിങ്കളാഴ്ച പ്രാബല്യത്തിൽ വരും. പരിഷ്കരണ നിർദേശങ്ങളിൽ ഉപഭോക്തൃ മന്ത്രാലയം പുതിയ നിർദേശങ്ങൾ പുറപ്പെടുവിച്ചു.**
- **ഓൺലൈൻ ഗെയിമുകളുമായി ബന്ധപ്പെട്ട പുതിയ നിയമങ്ങൾ ഒക്ടോബർ ഒന്നിന് നിലവിൽ വരുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.**
- **ആഗോള അയ്യപ്പസംഗമം നാളെ.**
- **ഇന്ത്യ- യൂറോപ്യൻ യൂണിയൻ "ബ്ലൂ ടൈഡ്സ് കോൺക്ലേവ്" മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് രാവിലെ ഔപചാരികമായി ഉദ്ഘാടനം ചെയ്യും.**
- **ഏഷ്യാ കപ്പ് ട്വന്റി 20 ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ഗ്രൂപ്പ് A അവസാനമത്സരത്തിൽ ഒമാനെ നേരിടും.**

## വാർത്തകൾ വിശദമായി

പുതുക്കിയ GST നിരക്കുകൾ തിങ്കളാഴ്ച പ്രാബല്യത്തിൽ വരും. പരിഷ്കരണ നിർദേശങ്ങൾ കണക്കിലെടുത്ത് ഉപഭോക്തൃ-ഭക്ഷ്യ-പൊതുവിതരണ മന്ത്രാലയം പുതിയ നിർദേശങ്ങൾ പുറപ്പെടുവിച്ചു. ഈ മാസം 22നു മുമ്പ് നിർമ്മിച്ചതും വിറ്റുപോകാത്തതുമായ പാക്കറ്റുകളിൽ നിർമ്മാതാക്കൾക്കും ഇറക്കുമതിക്കാർക്കും സ്വമേധയാ പുതിയ വിലയുടെ സ്റ്റിക്കറുകൾ പതിക്കാവുന്നതാണ്. എന്നാൽ നേരത്തെ പതിച്ച പരമാവധി വില്പനവില സ്റ്റിക്കർ മറയാൻ പാടില്ല. പുതുക്കിയ വില രേഖപ്പെടുത്തുന്ന കാര്യം നിർമ്മാതാക്കൾക്ക് സ്വയം തീരുമാനിക്കാവുന്നതാണെന്നും മന്ത്രാലയം വ്യക്തമാക്കി.

ഡെസ്ക് റിപ്പോർട്ട്.........

......വോയ്സ്.....

GST പരിഷ്കരണത്തിന് മുൻപ് അച്ചടിച്ച പാക്കിങ് മെറ്റിരിയലുകളോ റാപ്പറുകളോ 2026 മാർച്ച് വരെയോ സ്റ്റോക്ക് തീരുന്നതുവരെയോ ഉപയോഗിക്കാമെന്ന് മന്ത്രാലയം അറിയിച്ചു. പാക്കുകളിൽ സ്റ്റാമ്പ് രൂപത്തിലോ സ്റ്റിക്കർ ഒട്ടിച്ചോ ഓൺലൈൻ പ്രിന്റിങ് വഴിയോ കമ്പനികൾക്ക് MRP വിലയിൽ മാറ്റം വരുത്താം.

പുതുക്കിയ GST നിരക്കുകളെക്കുറിച്ചു ഡീലർമാർ, ചില്ലറ വ്യാപാരികളെയും ഉപഭോക്താക്കളെയും അറിയിക്കുന്നതിന് നടപടി എടുക്കണമെന്നും മന്ത്രാലയം ആവശ്യപ്പെട്ടു. ഇതിന് അച്ചടി, ഇലക്ട്രോണിക്ക് മാധ്യമങ്ങൾ, സാമൂഹ്യ മാധ്യമങ്ങൾ തുടങ്ങിയവ ഉപയോഗിക്കാമെന്നും മന്ത്രാലയം അറിയിച്ചു.

രാജ്യത്തെ നികുതി - റവന്യൂ സംവിധാനങ്ങളെ നവീകരിക്കാനും പരിഷ്കരിക്കാനും ലക്ഷ്യമിട്ടാണ് വരുംതലമുറ GST പരിഷ്കരണം കൊണ്ടുവന്നതെന്ന് ധനമന്ത്രി നിർമല സീതാരാമൻ കൊൽക്കത്തയിൽ വിശദീകരിച്ചു. എട്ടു വർഷം മുമ്പ് നടപ്പാക്കിയ ചരക്ക് സേവന നികുതിയുടെ എല്ലാ വശങ്ങളും കൃത്യമായി അവലോകനം ചെയ്ത്, സംസ്ഥാനങ്ങളുടെ അഭിപ്രായം കൂടി പരിഗണിച്ചാണ് GST ഘടന പരിഷ്കരിച്ചതെന്ന് അവർ വ്യക്തമാക്കി.

✪✪✪

ഓൺലൈൻ ഗെയിമുകളുമായി ബന്ധപ്പെട്ട പുതിയ നിയമങ്ങൾ ഒക്ടോബർ ഒന്നിന് നിലവിൽ വരുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. ഗെയിമിംഗ് കമ്പനികളുമായും മേഖലയിലെ മറ്റ് പങ്കാളികളുമായും കേന്ദ്രം പലവട്ടം ചർച്ച നടത്തിക്കഴിഞ്ഞതായി അദ്ദേഹം ന്യൂഡൽഹിയിൽ അറിയിച്ചു. ബാങ്കുകളുമായി ഇക്കാര്യം ചർച്ച ചെയ്ത് കഴിഞ്ഞതായും അശ്വിനി വൈഷ്ണവ് പറഞ്ഞു.

✪✪✪

ഊർജ്ജ രംഗത്തെ ഇന്ത്യയുടെ ഭാവി നരേന്ദ്രമോദി ഗവൺമെന്റ് സുരക്ഷിതമാക്കിയതായി കേന്ദ്രമന്ത്രി ഹർദീപ് സിംഗ് പുരി അറിയിച്ചു. പെട്രോളിയത്തിന്റെയും പ്രകൃതി വാതകത്തിന്റെയും പര്യവേക്ഷണം ഊർജ്ജിതമാക്കിയിട്ടുണ്ട്. പെട്രോളിൽ 20 ശതമാനം എഥനോൾ ചേർക്കുന്നതിലൂടെ ഇന്ധന ഉപയോഗം കുറയ്ക്കാനായെന്നും അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു.

ഭാവിയുടെ ഊർജ്ജ സ്രോതസ്സായ ഹരിത ഹൈഡ്രജൻ രംഗത്തും ഇന്ത്യ ഏറെ മുന്നിലാണ്. പതിനൊന്ന് വർഷം മുമ്പ് ലോക സമ്പദ് വ്യവസ്ഥയിൽ പതിനൊന്നാം സ്ഥാനത്തായിരുന്ന ഇന്ത്യ ഇന്ന് നാലാം സ്ഥാനം സ്വന്തമാക്കിയിട്ടുണ്ടെന്നും ഹർദീപ് സിംഗ് പുരി പറഞ്ഞു.

✪✪✪

വികസനവും പരിവർത്തനവും ലക്ഷ്യമിട്ട് കേന്ദ്രഗവൺമെന്റ് നടപ്പാക്കി വരുന്ന പരിഷ്കരണ നയങ്ങൾ രാജ്യത്തെ സുപ്രധാന മാറ്റങ്ങൾക്ക് വഴി തുറക്കുകയാണ്. പൊതു സേവനവും മികച്ച ഭരണവും ഉറപ്പാക്കുന്ന നീക്കങ്ങളിലൂടെ വനിതാ ശാക്തീകരണ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ ആകാശവാണിയുടെ സേവാ പർവ് പരമ്പരയിൽ വിശദീകരിക്കുന്നു.

......ഓഡിയോ.......

കഴിഞ്ഞ പതിനൊന്ന് വർഷമായി ഗവൺമെന്റ് സമഗ്രവും ജീവിത സാഹചര്യങ്ങളെ അടിസ്ഥാനമാക്കിയതുമായ നയങ്ങളിലൂടെ വനിതകളുടെ സാമൂഹ്യ - സാമ്പത്തിക - രാഷ്ട്രീയ രംഗങ്ങളിലെ ശാക്തീകരണം നടപ്പാക്കി വരികയാണ്. നാരീ ശക്തി എന്ന ദേശീയ ദൗത്യം നഗര - ഗ്രാമ വ്യത്യാസമോ പ്രായ വ്യത്യാസമോ പരിഗണിക്കാതെ സ്ത്രീകളുടെ അന്തസ്സിനും സുരക്ഷയ്ക്കും സ്വയംപര്യാപ്തതയ്ക്കും വേണ്ടി നടപ്പാക്കിയതാണ്. സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന വിവേചനത്തിനും കൈയ്യേറ്റങ്ങൾക്കും എതിരെ ഭരണഘടനാപരമായ സംരക്ഷണവും നിരവധി നിയമങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.

2014-15ലെ ദേശീയ തല ജനന നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ പെൺകുട്ടികളുടെ ഇപ്പോഴത്തെ ജനന നിരക്ക് 918 ൽനിന്ന് 930 ആയി ഉയർന്നിട്ടുണ്ട്. ബേട്ടി ബചാവോ ബേട്ടി പഠാവോ പദ്ധതി ഉദ്ദേശിച്ച ലക്ഷ്യത്തിലെത്തി എന്നതിന് തെളിവാണിത്. 2015-ൽ നടപ്പാക്കിയ സുകന്യ സമൃദ്ധി യോജന ലക്ഷക്കണക്കിന് പെൺകുട്ടികളുടെ പ്രതീക്ഷയും ശാക്തീകരണവും ആയി മാറി കഴിഞ്ഞു. ലാക്പതി ദീദി സംരംഭം സ്ത്രീകളുടെ സ്വയം സഹായ സംഘങ്ങളെ ശാക്തീകരിക്കാനും പ്രതിവർഷം ഒരു ലക്ഷം രൂപയെങ്കിലും സമ്പാദിക്കാനും സ്ത്രീകളെ പര്യാപ്തമാക്കുന്നുണ്ട്.

✪✪✪

ആഗോള അയ്യപ്പസംഗമം നാളെ രാവിലെ പമ്പയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. തമിഴ്നാട് മന്ത്രിമാരായ PK.ശേഖർ ബാബു, പളനിവേൽ ത്യാഗരാജൻ എന്നിവർക്കൊപ്പം സംസ്ഥാന മന്ത്രിമാരായ K.രാജൻ, റോഷി അഗസ്റ്റിൻ, K കൃഷ്ണൻ കുട്ടി, K.B.ഗണേഷ് കുമാർ, വീണാ ജോർജ്,

സജി ചെറിയാൻ, തുടങ്ങിയവരും MLAമാരും, ശബരിമല തന്ത്രിയും, സമുദായ സംഘടനാപ്രതിനിധികളും സംഗമത്തിൽ പങ്കെടുക്കും.

ഏഴു കോടിയോളം രൂപ ചിലവ് പ്രതീക്ഷിക്കുന്ന അയ്യപ്പ സംഗമത്തിലൂടെ ശബരിമലയെ ആഗോള തീർത്ഥാടന കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെയാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് ആഗോള അയ്യപ്പ സംഗമം സംഘടിപ്പിക്കുന്നത്.

ആഗോള അയ്യപ്പ സംഗമത്തിലൂടെ ശബരിമലയുടെ സമഗ്രവികസനമാണ് ലക്ഷ്യമിടുന്നതെന്ന് മന്ത്രി VN വാസവൻ ഇന്നലെ അയ്യപ്പ സംഗമത്തിന്റെ അവസാനഘട്ട അവലോകന യോഗത്തിൽ പമ്പയിൽ പറഞ്ഞു. ഈ മാസം 15 വരെ സംഗമത്തിലേക്ക് 4,864 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 3,000 പേർക്ക് പ്രവേശനം നൽകാനായിരുന്നു മുൻ തീരുമാനം.

ശബരിമല മാസ്റ്റർ പ്ലാൻ, ആത്മീയ ടൂറിസം സർക്യൂട്ട്, ശബരിമലയിലെ തിരക്ക് നിയന്ത്രണ സംവിധാനങ്ങൾ തുടങ്ങിയ വിഷയങ്ങൾ സംഗമം ചർച്ച ചെയ്യുമെന്ന് മന്ത്രി പറഞ്ഞു.

✪✪✪

ഇന്നലെ തിരുവനന്തപുരത്ത് ആരംഭിച്ച ഇന്ത്യ- യൂറോപ്യൻ യൂണിയൻ "ബ്ലൂ ടൈഡ്സ് കോൺക്ലേവ്" മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഔപചാരികമായി ഉദ്ഘാടനം ചെയ്യും. "രണ്ട് തീരങ്ങൾ, ഒരേ കാഴ്ചപ്പാട്" എന്ന പ്രമേയത്തോടെ ആരംഭിച്ച കോൺക്ലേവ് സമുദ്രാധിഷ്ഠിത സാമ്പത്തിക വളർച്ചയിലൂടെ സുസ്ഥിര വികസനവും തീരമേഖലയുടെ പങ്കാളിത്തവുമാണ് ലക്ഷ്യമിടുന്നത്.

കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ്, കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുക്കും.

യൂറോപ്യൻ യൂണിയൻ രാജ്യങ്ങളിലെ അംബാസഡർമാർ, സംസ്ഥാന മന്ത്രിമാർ, പ്രതിപക്ഷനേതാവ് തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കും.

✪✪✪

സംസ്ഥാനത്തെ മുഴുവൻ വീടുകളിലും റേഷൻ കടകൾ വഴി ഓണത്തിന് അരി എത്തിക്കാൻ കഴിഞ്ഞെന്ന് മന്ത്രി GR അനിൽ പറഞ്ഞു. ഇതോടെ വിലക്കയറ്റം ബാധിക്കാതെ ഓണം ആഘോഷിക്കാൻ മലയാളികൾക്ക് കഴിഞ്ഞെന്ന് മന്ത്രി അറിയിച്ചു.

തിരുവനന്തപുരത്തെ ചെന്തുപ്പൂർ - പൂവത്തൂർ - ഇരിഞ്ചയം റോഡ് നിർമ്മാണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

നവംബർ ഒന്നിന് കേരളം അതിദരിദ്രർ ഇല്ലാത്ത നാടെന്ന ഖ്യാതിയിലേക്ക് ഉയരുമെന്നും അതിന്റെ പ്രഖ്യാപനം ഒക്ടോബർ 10 ന് നടത്തുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

ഗവൺമെന്റ് വകുപ്പുകളുടെ പ്രവർത്തനങ്ങളും വികസന ലക്ഷ്യങ്ങളും ചർച്ച ചെയ്യുന്ന ‘വിഷൻ 2031’സെമിനാറുകളുടെ ലോഗോ മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് പ്രകാശനം ചെയ്തു. 33 സെമിനാറുകളാണ് വിവിധ വകുപ്പുകൾ സംഘടിപ്പിക്കുന്നത്. കഴിഞ്ഞ പത്തുവർഷത്തെ വികസന പ്രവർത്തനങ്ങളും വരും വർഷങ്ങളിലെ വികസന ലക്ഷ്യങ്ങളും സെമിനാറിൽ ചർച്ച ചെയ്യും.

✪✪✪

തിരുവനന്തപുരം സർവ്വേ ഭവനിൽ സജ്ജീകരിച്ച കിയോസ്കും ഹെൽപ്പ് ഡെസ്കും മന്ത്രി K രാജൻ ഉച്ചക്ക് ഉദ്ഘാടനം ചെയ്യും. ഡിജിറ്റൽ സർവേ ആരംഭിച്ച 530 വില്ലേജുകളിലെ മുൻ സർവ്വേ റെക്കോർഡുകൾ വേഗത്തിൽ ലഭ്യമാക്കുന്നതിനാണ് കിയോസ്കും ഹെൽപ്പ് ഡെസ്കും സജ്ജമാക്കിയത്.

✪✪✪

ഏഷ്യാ കപ്പ് ട്വന്റി 20 ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ഗ്രൂപ്പ് A അവസാനമത്സരത്തിൽ ഒമാനെ നേരിടും. ഇന്ത്യൻ സമയം രാത്രി എട്ടിനാണ് മത്സരം.

ഇന്നലെ അബുദാബിയിൽ, അഫ്ഗാനിസ്ഥാനെ ആറ് വിക്കറ്റിന് തോൽപ്പിച്ച് ശ്രീലങ്ക സൂപ്പർ 4 ഘട്ടത്തിൽ പ്രവേശിച്ചു. ഗ്രൂപ്പ് B യിൽ ഒന്നാം സ്ഥാനമാണ് വിജയത്തോടെ ശ്രീലങ്കയ്ക്ക് ലഭിച്ചത്.

✪✪✪

ചാമ്പ്യൻസ് ബോട്ട് ലീഗ് മത്സരങ്ങൾക്ക് ഇന്ന് ആലപ്പുഴ കൈനകരിയിൽ തുടക്കമാകും. ഉച്ചകഴിഞ്ഞ് രണ്ടരയ്ക്ക് ജലമേള മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. നെഹ്റു ട്രോഫി ജലോത്സവത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച ഒമ്പത് ചുണ്ടന്മാരാണ് മത്സരിക്കുന്നത്.

✪✪✪

തലശ്ശേരിയിൽ അണ്ടർ-23 ആൺകുട്ടികളുടെ ഉത്തര മേഖല ക്രിക്കറ്റ് ടൂർണ്ണമെന്റിൽ കണ്ണൂർ-കോഴിക്കോട് മത്സരം സമനിലയിൽ അവസാനിച്ചു. ഇന്ന് കണ്ണൂർ മലപ്പുറത്തെ നേരിടും.

✪✪✪

കണ്ണൂർ സിറ്റി പൊലീസ് അത്‌ലറ്റിക്സ് മീറ്റിൽ കൂത്തുപറമ്പ് സബ് ഡിവിഷൻ 61 പോയിന്റുമായി മുന്നിലെത്തി. 50 പോയിന്റുമായി കണ്ണൂർ സിറ്റി DHQ ആണ് രണ്ടാം സ്ഥാനത്ത്. മീറ്റ് ഇന്ന് സമാപിക്കും.

✪✪✪

കണ്ണൂർ, പാപ്പിനിശ്ശേരി - പിലാത്തറ KSTP റോഡിലെ രണ്ട് റെയിൽവേ മേൽപാലങ്ങളിൽ അടിക്കടിയുണ്ടാകുന്ന തകരാർ പരിഹരിക്കുന്നതിന് വിശദ പരിശോധനക്ക് തീരുമാനമായി. മന്ത്രി PA മുഹമ്മദ് റിയാസുമായി സ്ഥലത്തെ MLA-മാർ നടത്തിയ ചർച്ചയിലാണ് തിരുമാനം.

കണ്ണൂരിൽ നിന്ന് KO,ശശിധരൻ

............ വോയ്സ്......

പാപ്പിനിശ്ശേരിയിലെയും പഴയങ്ങാടിയിലെയും മേൽ പാലങ്ങളിലാണ് അടിക്കടി തകരാറുകൾ പ്രത്യക്ഷപ്പെടുന്നത്. മേൽപാലം നിർമ്മാണത്തിൽ പ്രാഥമികമായി തന്നെ വീഴ്ച കണ്ടെത്തിയതിനാൽ, പൂർണമായും പരിഹാരം കാണുവാൻ പാലക്കാട് എൻഐടിയുമായി ബന്ധപ്പെട്ട് വിശദമായ പരിശോധന നടത്താൻ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയെ മന്ത്രി ചുമതലപ്പെടുത്തി. ഇതിന് പുറമെ നാളെ (20) കെഎച്ച്ആർഐ, പൊതുമരാമത്ത് ഡിസൈൻ വിഭാഗം, കെഎസ്ടിപി ഉദ്യോഗസ്ഥർ എന്നിവർ പാലങ്ങളിൽ സംയുക്ത പരിശോധന നടത്തും. വിശദമായ പരിശോധനയ്ക്ക് ശേഷം പാലം ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും മന്ത്രി നിർദ്ദേശം നൽകി.

✪✪✪

ആദിവാസി സമൂഹത്തോട് കേരളത്തിലെ ഇരു മുന്നണികളും കടുത്ത അവഗണയാണ് കാണിക്കുന്നതെന്ന് BJP സംസ്ഥാന സെക്രട്ടറി P. ശ്യാംരാജ് ആരോപിച്ചു. ഭൂമിക്കുവേണ്ടി സമരംചെയ്ത ആദിവാസികളെ വെടിവെച്ചുകൊന്ന ഏക സംസ്ഥാനം കേരളമാണെന്നും അദ്ദേഹം മലപ്പുറത്ത് ജില്ലാ ഭാരവാഹി യോഗം ഉദ്ഘാടനം ചെയ്യവെ കുറ്റപ്പെടുത്തി.

✪✪✪

കോഴിക്കോട് താമരശ്ശേരി ചുരം റോഡിൽ അപകടാവസ്ഥയിൽ നിൽക്കുന്ന കല്ലുകൾ ഉടൻ മാറ്റാൻ ജില്ലാ കലക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചു. ഇതിന്റെ സാധ്യതാ പഠനത്തിന് ULCC-ക്ക് കത്ത് നൽകും. ജിയോളജി, സിവിൽ എഞ്ചിനീയറിങ് വിദഗ്ധരെ ഉൾപ്പെടുത്തി ചുരത്തിൽ പരിശോധന നടത്താനും യോഗം തിരുമാനിച്ചു.

✪✪✪

സ്വാതന്ത്ര്യ സമരസേനാനിയും മുൻ KPCC പ്രസിഡന്റുമായിരുന്ന അബ്ദു റഹ്മാൻ സാഹിബിന്റെ ഛായാചിത്രം കോഴിക്കോട് മുക്കം പൊറ്റശേരിയിൽ പ്രിയങ്ക ഗാന്ധി MP അനാഛാദനം ചെയ്തു.

മണ്ഡല സന്ദർശനത്തിനിടെ ക്ഷീര കർഷകരുമായും ഫാം ടൂറിസം, ഹോം സ്റ്റേ പ്രതിനിധികളുമായും പ്രിയങ്ക ഗാന്ധി ചർച്ച നടത്തി.

✪✪✪

ആൻഡമാൻ നിക്കോബാർ ദ്വീപിൽ നിന്നു കൊറിയർ സർവീസിലൂടെ മെത്താംഫിറ്റമിൻ മയക്കുമരുന്ന് മഞ്ചേരിയിൽ എത്തിച്ച് വിൽപ്പന നടത്താൻ ശ്രമിച്ച കേസിൽ പ്രതികൾക്ക് 15 വർഷം കഠിനതടവും ഒരു ലക്ഷം രൂപ വീതം പിഴയും വിധിച്ചു. മഞ്ചേരി NDPS പ്രത്യേക കോടതിയാണ് മൂന്ന് പ്രതികൾക്ക് ശിക്ഷ വിധിച്ചത്.

✪✪✪

ലഹരിക്കെതിരെ കോഴിക്കോട് ജില്ലാ ഭരണകൂടവും സാമൂഹിക നീതിവകുപ്പും ഇന്ന് ചിത്രകാരന്മാരുടെ കൂട്ടായ്മ സംഘടിപ്പിക്കും. കേന്ദ്ര ഗവൺമെന്റിന്റെ നാശാമുക്ത് അഭിയാൻ പദ്ധതിയുടെ ഭാഗമായാണ് പേരാമ്പ്രയിലെ The Camp കൂട്ടായ്മയിലെ പത്തിലേറെ ചിത്രകാരന്മാർ വലിയ ക്യാൻവാസിൽ ചിത്രം വരയ്ക്കുന്നത്. കോഴിക്കോട് ഫ്രീഡം സ്ക്വയറിലെ പരിപാടി ജില്ലാ കളക്ടർ സ്നേഹിൽ കുമാർ സിങ് ഉദ്ഘാടനം ചെയ്യും.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*NRTs : നിമിഷ ജി*
*DEO : സി കെ സുബോധ്*